## പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 388      10/06/2014-ൽ മറുപടിക്ക്

# സൗജന്യ വൈദ്യുത കണക്ഷനുകൾ നിർത്തലാക്കിയ നടപടി

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. പി. ശ്രീരാമകൃഷ്ണൻ | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജ വകുപ്പ് മന്ത്രി) |
| (എ) ബി.പി.എൽ. കുടുംബങ്ങൾ, പട്ടികജാതി-പട്ടികവർഗ്ഗ കുടുംബങ്ങൾ എന്നിവർക്ക് സൗജന്യ വൈദ്യുതി കണക്ഷൻ നൽകുന്നതിനുള്ള പദ്ധതി ഇപ്പോൾ നിലവിലുണ്ടോ;<br><br>(ബി) ഇല്ലെങ്കിൽ എന്നുമുതൽക്കാണ് ആയത് നിർത്തലാക്കിയത്;<br><br>(സി) ഏതു പഠനത്തിന്റെ അടിസ്ഥാനത്തിലാണ് നിർദ്ധനരായ ഇത്തരം കുടുംബങ്ങൾക്കുള്ള സൗജന്യ കണക്ഷൻ നിർത്തലാക്കിയത്;<br><br>(ഡി) ഇതുമൂലം അവർക്ക് ജീവിതകാലം മുഴുവൻ വൈദ്യുതി ലഭിക്കാത്ത അവസ്ഥയുണ്ടാകുമെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇവർക്ക് ഇതിനായി മറ്റ് സമാശ്വാസ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ടോ; വിശദമാക്കുമോ? | **(എ) യും (ബി)യും (സി)യും(ഡി)യും**<br><br>വൈദ്യുതി റഗുലേറ്ററി കമ്മീഷന്റെ ഇലക്ട്രിസിറ്റി സപ്ലൈകോഡ്, 2014 പ്രകാരമാണ് വൈദ്യുതി ബോർഡ് കണക്ഷനുകൾ നൽകി വരുന്നത്. 01.04.2014 മുതൽ പ്രാബല്യത്തിൽ വന്ന പ്രസ്തുത കോഡ് പ്രകാരം, ബി.പി.എൽ./പട്ടികജാതി-പട്ടിക വർഗ്ഗ കുടുംബങ്ങൾക്ക് സൗജന്യ വൈദ്യുതി നൽകുന്നതിനുള്ള വ്യവസ്ഥകൾ നിലവിലില്ല. എന്നാൽ അത്തരം വിഭാഗങ്ങൾക്ക് സപ്ലൈകോഡ് 2005-ൽ നൽകിയിരുന്ന സൗജന്യ വൈദ്യുതി കണക്ഷനുകൾ തുടർന്നും നൽകുന്നതിനുള്ള ഉത്തരവ് 09.05.2014-ലെ B.O. (FTD) No.1344/2014 (KSEB)/TRAC/SupplyCode 2014/R2/2014) പ്രകാരം വൈദ്യുതി ബോർഡ് പുറത്തിറക്കിയിട്ടുണ്ട്. ടി ഉത്തരവ് പ്രകാരം ലൈൻ നീട്ടൽ ആവശ്യമില്ലാത്ത 1000 വാട്ട്സ് കണക്റ്റഡ് ലോഡുള്ള SC/ST |

(...2)

വിഭാഗങ്ങൾക്കും, 500 വാട്ട്സ് കണക്ടഡ് ലോഡുള്ള BPL വിഭാഗങ്ങൾക്കും സൗജന്യമായി വൈദ്യുതി ലഭിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ